ജലാശയ ടൂറിസം പദ്ധതി

60. [1842] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ജലാശയ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനായി ഗവൺമെൻറ് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജലാശയ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിൻെറ ഭാഗമായി കുമരകത്ത് കേന്ദ്രസർക്കാരിൻെറ സഹായത്തോടെ ഒരു കായലോര വിശ്രമകേന്ദ്രം നിർമ്മിക്കുക, ആലപ്പുഴയിൽ ബോട്ട് ജെട്ടിയും നടപ്പാതയും നിർമ്മിക്കുക, ബോട്ടുകൾ വാങ്ങുക, തിരുവനന്തപുരത്തെ വേളി-കോവളം കനാൽ വികസിപ്പിക്കുക, കൊല്ലത്ത് അഷ്ടമുടി കായലിൽ 15 ലക്ഷം രൂപ ചെലവിൽ മൂന്ന് വാട്ടർ ജംഗ്ഷനുകൾ നിർമ്മിക്കുക എന്നിവയാണ് ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

കൂടാതെ 15 ഇനപരിപാടിയിൽ ഉൾപ്പെടുത്തി ഈ മേഖലയിൽ സ്വയംതൊഴിൽ പ്രോൽസാഹിപ്പിക്കുന്നതിന് 70 ലക്ഷം രൂപ ചെലവ് വരുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.

വിനോദസഞ്ചാര വികസന അതോറിറ്റികൾ

61. [1843] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വികസന അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) വിനോദസഞ്ചാര വികസന അതോറിറ്റികൾ മൂലം സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. രൂപീകരിക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളുടെ സമഗ്രമായ ടൂറിസം വികസനമാണ് ലക്ഷ്യം.

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കാണുന്ന അനിയന്ത്രിതവും നിയമവിധേയമല്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് തടയിടാനും പരിസ്ഥിതിക്ക് ഇണങ്ങുന്ന അനുയോജ്യമായ ഏകോപിത, സമഗ്ര, ആസൂത്രിത, വികസന പ്രവർത്തനങ്ങൾക്ക് ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും അതുവഴി കൂടുതൽ ഫലവത്തായ വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾ നടത്താനും അതോറിറ്റികൾക്ക് കഴിയും.

LIBRARY ARCHIVES Kerala Legislative Assembly